**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 408** **10-02-2025 - ൽ മറുപടിയ്ക്ക്**

**ഒലവക്കോട്-ധോണി റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ഫണ്ട് വിനിയോഗിച്ച് നവീകരിക്കുന്ന മലമ്പുഴ മണ്ഡലത്തിലെ ഒലവക്കോട്-ധോണി റോഡ് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | 01/11/2016-ലെ G.O (Rt) No. 1502/2016/PWD നമ്പർ ഉത്തരവ് പ്രകാരം തത്വത്തിൽ ഭരണാനുമതി ലഭിച്ച മലമ്പുഴ മണ്ഡലത്തിലെ റെയിൽവേ കോളനി ധോണി മുട്ടികുളങ്ങര റോഡിന് കിഫ്ബി 09/11/2018 – ലെ PWD006-26-PA-01 നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം 12.66 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. പിന്നീട് പ്രസ്തുത പ്രവൃത്തി 19/11/2021 – ലെ GO (Ms) No. 51/2021/PWD നമ്പർ ഉത്തരവിന്റെയും, 08/03/2022 – ലെ കിഫ്ബിയുടെ PE-2/3232/2019/KIIFB നമ്പർ കത്തിന്റെയും അടിസ്ഥാനത്തിൽ FDR (Full Depth Reclamation) സാങ്കേതികവിദ്യ ഉപയോഗിച്ച് പുനരുദ്ധാരണം ചെയ്യുന്ന റോഡുകളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ FDR പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക (27.94 കോടി രൂപ) ധനാനുമതിയേക്കാൾ അധികരിച്ചതിനാൽ പുതുക്കിയ ധനാനുമതിക്കായി നിർവ്വഹണ ഏജൻസിയായ കെ.ആർ.എഫ്.ബി. കിഫ്ബിയിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതും, ആയത് അവലോകനം നടത്തി KIIFB TRC (Technical Resource Centre) – യുടെ സഹായത്തോടെ Plan & Profile Drawing വികസിപ്പിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പുനഃസമർപ്പിക്കുവാൻ കിഫ്ബി നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ഇപ്രകാരം തയ്യാറാക്കിയ കരട് അലൈൻമെന്റ് നിർവ്വഹണ ഏജൻസി പരിശോധിച്ച് നിർദ്ദേശിച്ച മാറ്റങ്ങൾ ഉൾപ്പെടുത്തി നാറ്റ്പാക് തയ്യാറാക്കിയ ഡിസൈൻ ഡ്രോയിംഗ്സ്, BoQ ഉൾപ്പെടെയുള്ള രേഖകൾ 04/01/2025 – ന് കിഫ്ബി സാങ്കേതിക അവലോകന വിഭാഗത്തിൽ നിന്നും നിർവ്വഹണ ഏജൻസിക്ക് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് എത്ര രൂപയുടെ സാമ്പത്തികാനുമതിയാണ് കിഫ്ബി നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | 01/11/2016-ലെ G.O (Rt) No. 1502/2016/PWD നമ്പർ ഉത്തരവ് പ്രകാരം തത്വത്തിൽ ഭരണാനുമതി ലഭിച്ച മലമ്പുഴ മണ്ഡലത്തിലെ റെയിൽവേ കോളനി ധോണി മുട്ടികുളങ്ങര റോഡിന് കിഫ്ബി 09/11/2018 – ലെ PWD006-26-PA-01 നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം 12.66 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. പിന്നീട് പ്രസ്തുത പ്രവൃത്തി 19/11/2021 – ലെ GO (Ms) No. 51/2021/PWD നമ്പർ ഉത്തരവിന്റെയും, 08/03/2022 – ലെ കിഫ്ബിയുടെ PE-2/3232/2019/KIIFB നമ്പർ കത്തിന്റെയും അടിസ്ഥാനത്തിൽ FDR (Full Depth Reclamation) സാങ്കേതികവിദ്യ ഉപയോഗിച്ച് പുനരുദ്ധാരണം ചെയ്യുന്ന റോഡുകളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ FDR പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക (27.94 കോടി രൂപ) ധനാനുമതിയേക്കാൾ അധികരിച്ചതിനാൽ പുതുക്കിയ ധനാനുമതിക്കായി നിർവ്വഹണ ഏജൻസിയായ കെ.ആർ.എഫ്.ബി. കിഫ്ബിയിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതും, ആയത് അവലോകനം നടത്തി KIIFB TRC (Technical Resource Centre) – യുടെ സഹായത്തോടെ Plan & Profile Drawing വികസിപ്പിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പുനഃസമർപ്പിക്കുവാൻ കിഫ്ബി നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ഇപ്രകാരം തയ്യാറാക്കിയ കരട് അലൈൻമെന്റ് നിർവ്വഹണ ഏജൻസി പരിശോധിച്ച് നിർദ്ദേശിച്ച മാറ്റങ്ങൾ ഉൾപ്പെടുത്തി നാറ്റ്പാക് തയ്യാറാക്കിയ ഡിസൈൻ ഡ്രോയിംഗ്സ്, BoQ ഉൾപ്പെടെയുള്ള രേഖകൾ 04/01/2025 – ന് കിഫ്ബി സാങ്കേതിക അവലോകന വിഭാഗത്തിൽ നിന്നും നിർവ്വഹണ ഏജൻസിക്ക് നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണമാരംഭിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് ഇനി പൂർത്തീകരിക്കേണ്ടതെന്ന് വിശദമാക്കാമോ? | (സി) | റിവൈസ്ഡ് അലൈൻമെന്റ് പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് നിർവ്വഹണ ഏജൻസി കിഫ്ബിക്ക് സമർപ്പിക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി ജനറൽ ബോഡി / എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി പുതുക്കിയ ധനാനുമതി നൽകുന്നതിന് കിഫ്ബി നടപടികൾ സ്വീകരിക്കുന്നതാണ്. പുതുക്കിയ ധനാനുമതി ലഭിക്കുന്ന മുറയ്ക്ക് സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവൃത്തി ആരംഭിക്കാവുന്നതാണെന്ന് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ